1999-2000 സാമ്പത്തിക വർഷത്തിൽ 1950 വനിതാ വ്യവസായ സംരംഭങ്ങൾക്കായി 725 ലക്ഷം രൂപ ധനസഹായം നൽകാൻ ഉദ്ദേശിക്കുന്നു.

(2) കേന്ദ്രഗവൺമെന്റിന്റെ സ്റ്റെപ്പ് പദ്ധതി അനുസരിച്ച് കൊല്ലം, ആലപ്പുഴ, കാസർഗോഡ് എന്നീ ജില്ലകളിൽ 40 വനിതാ സംഘങ്ങൾ സ്ഥാപിക്കുവാനും അവയിലൂടെ 1500 വനിതകൾക്ക് ഭക്ഷ്യസംസ്കരണ മേഖലയിലും നോട്ട്ബുക്ക്-സ്റ്റേഷനറി നിർമ്മാണമേഖലയിലും തൊഴിൽ കണ്ടെത്താനും ഉദ്ദേശിക്കുന്നു.

(3) കേന്ദ്ര ഗവൺമെന്റിന്റെ നൊറാഡ് പദ്ധതി അനുസരിച്ച് തൊഴിൽസാധ്യതയുള്ള വിവിധ ട്രേഡുകളിൽ 2000 വനിതകൾക്ക് പരിശീലനം നൽകുന്ന പദ്ധതി.

(4) വസ്ത്രനിർമ്മാണത്തിനുള്ള ആധുനിക സാങ്കേതിക രീതികൾ പരിശീലിപ്പിക്കുന്നതിന് അപ്പാരൽ എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിലിന്റെ സാങ്കേതിക സഹായത്തോടെ 50 ലക്ഷം രൂപ ചെലവിൽ ഒരു അപ്പാരൽ ട്രെയിനിംഗ് ആന്റ് ഡിസൈൻ സെന്റർ തിരുവനന്തപുരത്ത് മേനംകുളത്തുള്ള കിൻഫ്രാ ഇന്റർനാഷണൽ അപ്പാരൽ പാർക്കിൽ സ്ഥാപിക്കുന്നതിനുള്ള പദ്ധതി.

(ഇ) സ്വയംതൊഴിൽ വായ്പാ പദ്ധതികൾ പൂർണ്ണമായി നടപ്പാക്കുന്നതും അതുമൂലം ഉദ്ദേശിച്ചിട്ടുള്ള തൊഴിൽസാധ്യതകൾ സൃഷ്ടിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നതുകൂടാതെ ഈ വായ്പയുടെ തിരിച്ചടവ് ഉറപ്പുവരുത്തുന്നതിനുവേണ്ടിയുമുള്ള വ്യവസ്ഥകളാണ് ഇപ്പോൾ നടപ്പിലാക്കിവരുന്നത്. ഇവ ലഘൂകരിക്കുന്നതുമൂലം ഈ ലക്ഷ്യങ്ങൾ നേടുന്നതിനും വായ്പ തിരിച്ചടയ്ക്കുന്നതിനും വീഴ്ച വരുവാൻ സാധ്യതയുള്ളതിനാൽ നടപടിക്രമങ്ങളിൽ ഇളവു വരുത്തുന്നത് അഭിലഷണീയമല്ല. എന്നാൽ നടപടിക്രമങ്ങൾമൂലം യഥാർത്ഥ ഗുണഭോക്താക്കൾക്ക് കഷ്ടനഷ്ടങ്ങൾ ഉണ്ടാവാതിരിക്കാൻ കോർപ്പറേഷൻ പ്രത്യേകം ശ്രദ്ധിക്കുന്നുമുണ്ട്.

16 (*323) വിനോദ നികുതിവെട്ടിപ്പ് തടയുന്നതിന് നടപടി

<u>ശ്രീ. പി.കെ. അബ്ദുറബ്ബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സിനിമാ പ്രദർശനശാലകളിലെ വിനോദ നികുതിവെട്ടിപ്പ് തടയുന്നതിന് എന്തെങ്കിലും പുതിയ പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) നിലവിലുള്ള പരിശോധനാ സംവിധാനം കാര്യക്ഷമമല്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സംസ്ഥാനാടിസ്ഥാനത്തിൽ സാങ്കേതിക പരിശോധനകൾ നടത്തുന്നിൽ എന്തെങ്കിലും സ്ഥിരസംവിധാനം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ സിനിമാപ്രദർശനശാലകളുടെ കാര്യത്തിൽ ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ഡി) ഇല്ലെങ്കിൽ സ്ഥിരസംവിധാനം ഏർപ്പെടുത്തി നികുതിവെട്ടിപ്പ് തടഞ്ഞ് പഞ്ചായത്തുകളുടെ വരുമാനം വർദ്ധിപ്പിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ്കുട്ടി) :

(എ) പുതിയ പരിപാടികൾ ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ വിനോദ നികുതിവെട്ടിപ്പ് തടയുന്നതിന് നടത്തുന്ന പരിശോധനകൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എല്ലാ കോർപ്പറേഷൻ/മുനിസിപ്പൽ/പഞ്ചായത്ത് മേധാവികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) നിലവിലുള്ള സമ്പ്രദായം കുറ്റമറ്റതാക്കാൻ ആവശ്യമായ നിർദ്ദേശങ്ങൾ കാലാകാലങ്ങളിൽ നൽകുകയും അവയുടെ പുരോഗതി നിരീക്ഷിക്കുകയും ചെയ്യുന്നുണ്ട്.

(സി)&(ഡി) ഗ്രാമപഞ്ചായത്ത് അതിർത്തിക്കുള്ളിലെ സിനിമാ തിയേറ്ററുകളിലെ വിനോദ നികുതിവെട്ടിപ്പു തടയുന്നതിന് പഞ്ചായത്ത് സെക്രട്ടറിമാർക്കും ചുമതലപ്പെടുത്തിയിട്ടുള്ള മറ്റ് ഉദ്യോഗസ്ഥർക്കും ഏതു സമയത്തും പരിശോധന നടത്താവുന്നതാണ്. സ്ഥിരസംവിധാനം ഏർപ്പെടുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

17 (*324) ഭൂമി തരിശാക്കിയിടുന്നതിനെക്കുറിച്ച് പഠനം

ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കൃഷിചെയ്യാതെ തരിശായി ഇട്ടിട്ടുള്ള ഭൂമി ഗവൺമെന്റ് ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) സംസ്ഥാനത്ത് കൃഷിചെയ്യാതെ ഭൂമി തരിശ്ശായി ഇടുവാനുള്ള കാരണമെന്തെന്നും അവ എപ്രകാരം പരിഹരിക്കാമെന്നതിനെക്കുറിച്ചും ഗവൺമെന്റ് പഠനം നടത്തിയിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശം നൽകുമോ;

(ഡി) ഇല്ലെങ്കിൽ അതേപ്പറ്റി പഠിച്ച് പരിഹാരനടപടികൾ സ്വീകരിക്കുമോ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) :

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി)&(സി) ഇല്ല.

(ഡി) കൃഷിക്കാർക്ക് വിവിധ പദ്ധതികളിൽക്കൂടി ആനുകൂല്യങ്ങൾ നൽകി തരിശ് സ്ഥലങ്ങളിൽ കൃഷിചെയ്യുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്.

18 (*325) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറുന്ന ശുദ്ധജല വിതരണ പദ്ധതികൾ

ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്ത്, മുനിസിപ്പൽ നിയമത്തിൽ വരുത്തിയ ഭേദഗതികളുടെ അടിസ്ഥാനത്തിൽ കേരള വാട്ടർ അതോറിറ്റി നടത്തിവരുന്ന എത്ര ശുദ്ധജല വിതരണ പദ്ധതികളുടെ ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കും;

LIBRARY ARCHIVES Kerala Legislative Assembly